പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 5826

19.11.2019 ലെ മറുപടിയ്ക്ക്

## കാസർഗോഡ് സബ്ട്രഷറി

**ചോദ്യം**

**ഉത്തരം**

ശ്രീ.എൻ.എ.നെല്ലിക്കുന്ന്

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | കാസർഗോഡ് സബ്ട്രഷറി ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് എവിടെയെന്നും ഏത് കെട്ടിടത്തിലാണെന്നും വ്യക്തമാക്കാമോ; | കാസർഗോഡ് സബ്ട്രഷറി നിലവിൽ താത്കാലികമായി പ്രവർത്തിച്ചുവരുന്നത് കാസർഗോഡ്, വിദ്യാനഗറിലെ സിവിൽ സ്റ്റേഷൻ ബിൽഡിംഗിൽ ജില്ലാ ട്രഷറിക്ക് സമീപമുള്ള ബി-ബ്ലോക്കിലാണ്. |
| (ബി) | കാസർഗോഡ് സബ്ട്രഷറി ഓഫീസ് ഏത് വർഷത്തിലാണ് പ്രവർത്തനം ആരംഭിച്ചത്; ഇതുവരെ പ്രവർത്തിച്ചിരുന്നത് സ്വന്തം കെട്ടിടത്തിലായിരുന്നോ; വ്യക്തമാക്കാമോ; | കാസർഗോഡ് സബ്ട്രഷറി 1975 ൽ പ്രവർത്തനം ആരംഭിച്ചു. അന്നു മുതൽ പ്രവർത്തിച്ചു വന്ന സ്വന്തം കെട്ടിടം ജീർണ്ണാവസ്ഥയിലായതിനെ തുടർന്ന്, അവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും 2019 ഫെബ്രുവരി 10 ന് നിലവിലെ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുകയും ചെയ്തു. |
| (സി) | ഇതുവരെ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനമായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾക്കായി പഴയ കെട്ടിടം പൊളിച്ചു നീക്കിയിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനമായിട്ടുണ്ട്. |
| (ഡി) | എങ്കിൽ കെട്ടിടത്തിന്റെ നിർമ്മാണം എപ്പോൾ തുടങ്ങും; നിർമ്മാണച്ചെലവ് എത്രയാണ്; ആർക്കാണ് കരാർ നൽകിയിട്ടുള്ളത്; നിർമ്മാണ കാലാവധി എത്രയാണ്; വ്യക്തമാക്കാമോ? | പുതിയ സബ്ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 31/10/2019 ന് സ്ഥലം ഇൻകെൽ ലിമിറ്റഡിന് കൈമാറുകയും ആയതിന് 2,13,75,800/- രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള PMC ആയി ഇൻകെൽ ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കെട്ടിട നിർമ്മാണ കാലാവധി 24 മാസമാണ്. |

സെക്ഷൻ ഓഫീസർ